LIBRARY ARCHIVES Kerala Legislative Assembly

നഗരത്തിലെ പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം

2 [3172] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരത്തിലെ പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയപ്രകാരം ഉള്ള കൈവശഭൂമിയോട് ചേർന്നു കിടക്കുന്ന സ്ഥലത്തിനും പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇപ്രകാരം പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷകളിന്മേൽ ഉടനെ തീരുമാനമെടുക്കുമോ;

(സി) അഞ്ചു സെന്റിൽ കുറവുള്ള പട്ടയമില്ലാത്ത നഗരഭൂമി കൈവശക്കാർക്ക് പതിച്ചു നൽകി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടയ ഭൂമിയോട് ചേർന്ന് കിടക്കുന്ന പട്ടദാരുടെ കൈവശത്തിലുള്ള പുറംപോക്കു ഭൂമി പട്ടയ വസ്തുവിന്റെ നടത്തിപ്പിന് ആവശ്യമാണെങ്കിൽ ടി ഭൂമി കേരളാ ഭൂമി പതിവ് ചട്ടങ്ങളിലെ "ബെനിഫിഷ്യൽ എൻജോയ്മെന്റ്" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി പതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഇങ്ങനെ പട്ടയം അനുവദിക്കുമ്പോൾ ടി ഭൂമി പൊതു ആവശ്യത്തിനുവേണ്ടിവരില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമുണ്ട്.

(ബി) അർഹത ഉള്ളവർക്ക് പട്ടയം നൽകാൻ നിയമാനുസൃതമായ നടപടി സ്വീകരിക്കാറുണ്ട്.

(സി) ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിക്കാറുണ്ട്.

സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ ലഭിക്കാനുള്ള കുടിശ്ശിക

3 [3173] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ സർക്കാരിന് എത്ര രൂപ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പാട്ടക്കുടിശ്ശികയുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;